തൃശ്ശൂർ ജില്ലയിലെ സ്ഥാനാർത്ഥികൾ ഇവർ

തൃശ്ശൂർ: നാമനിദേശപത്രികകൾ പിൻവലിക്കാനുള്ള അവസാന ദിവസമായ ഇന്നലെ വൈകിട്ടോടെ ജില്ലയിലെ തിരഞ്ഞെടുപ്പ് ചിത്രം വ്യക്തമായി. ജില്ലയിലെ മണ്ഡലങ്ങളിൽ മത്സരിക്കുന്ന സ്ഥാനാർഥികൾ...

വടക്കാഞ്ചേരി:

അഡ്വ. ടി.എസ്.ഉല്ലാസ്ബാബു (ബി.ജെ.പി)
ജിതിൻ സദാനന്ദൻ (എ.എ.പി)
പി.എൻ.വൈശാഖ് (ഐ.എൻ.സി)
സുബ്രഹ്മണ്യൻ പെനാകം (ബി.എസ്.പി)
സേവിയർ ചിറ്റിലപ്പിള്ളി (സി.പി.എം)

ഗുരുവായൂർ:

എൻ.കെ.അക്ബർ (സി.പി.എം)
സി.എച്ച്.റഷീദ് (ഐ.യു.എം.എൽ)
അഡ്വ. ബി.ഗോപാലകൃഷ്ണൻ (ബി.ജെ.പി)
പോളി ഗുരുവായൂർ (എ.എ.പി)
കെ.വി.അബ്ദുൾ നാസർ (എസ്.ഡി.പി.ഐ)
സി.ആർ.ഉണ്ണിക്കൃഷ്ണൻ (എസ്.യു.സി.ഐ)

നാട്ടിക

ഗീത ഗോപി (സി.പി.ഐ)
സി.സി.മുകുന്ദൻ (ബി.ജെ.പി)
അഡ്വ. സുനിൽ ലാലൂർ (ഐ.എൻ.സി)

ചാലക്കുടി

എം.എസ്.അശോകൻ മംഗലപ്പിള്ളി (ബി.എസ്.പി)
അഡ്വ. ബിജു എസ്. ചിറയത്ത് (കേരള കോൺഗ്രസ് എം)
വിൽസൺ കല്ലൻ (എ.എ.പി)
സനീഷ് കുമാർ ജോസഫ് (ഐ.എൻ.സി)
അഡ്വ. ചാർളി പോൾ (ട്വന്റി 20)
അരുൺ എടത്താടൻ (സ്വതന്ത്രൻ)
എ.ഡി.ബിജു (സ്വതന്ത്രൻ)

കയ്പമംഗലം:

ജയൻ എറാട്ട് (എ.എ.പി)
ടി.എം.നാസർ (ഐ.എൻ.സി)
കെ.കെ.വത്സരാജ് (സി.പി.ഐ)
അതുല്യഘോഷ് വെട്ടിയാട്ടിൽ (ബി.ഡി.ജെ.എസ്)
മനോജ് എം.എം (സി.പി.ഐ.എം.എൽ റെഡ് സ്റ്റാർ)

ഇരിങ്ങാലക്കുട

തങ്കമണി തറയിൽ (ബി.എസ്.പി)
അഡ്വ. തോമസ് ഉണ്ണിയാടൻ (കേരള കോൺഗ്രസ്)
ഡോ. ആർ.ബിന്ദു (സി.പി.എം)
ഡോ. ഷാജു കാവുങ്ങൽ (എ.എ.പി)
സന്തോഷ് ചെറാക്കുളം (ബി.ജെ.പി)
ഡോ. അനീഷ് (സ്വതന്ത്രൻ)
അയ്യപ്പൻ മനയ്ക്കൽ (സ്വതന്ത്രൻ)

പുതുക്കാട്

പി.എൻ.ജയകൃഷ്ണൻ (എ.എ.പി)
പരമേശ്വരൻ.എ (നാഗേഷ്) (ബി.ജെ.പി)
പി.സി.പുഷ്പാകരൻ (ബി.എസ്.പി)
കെ.എം.ബാബുരാജൻ (ഐ.എൻ.സി)
കെ.കെ.രാമചന്ദ്രൻ (സി.പി.ഐ)
അനിഫ വി.കെ (സ്വതന്ത്രൻ)

തൃശൂർ

പത്മജ വേണുഗോപാൽ (ബി.ജെ.പി)
രാജൻ ജെ.പല്ലൻ (ഐ.എൻ.സി)
ആലങ്കോട് ലീലാകൃഷ്ണൻ (സി.പി.ഐ)
റാണി ആന്റോ (എ.എ.പി)
റോസ്ലിൻ ചാക്കോ (ബി.എസ്.പി)
അർഷാദ് അസീസ് (സിപിഐ(എംഎൽ) എൽ)
രാജൻ.എം. (സ്വതന്ത്രൻ)

കുന്നംകുളം

പി.സി.അജയ് മോഹനൻ (ഐ.എൻ.സി)
എ.സി.മൊയ്തീൻ (സി.പി.എം)
കെ.എസ്.രാജീവ് (എ.എ.പി)
റജിൻ (ബി.ഡി.ജെ.എസ്)

കൊടുങ്ങല്ലൂർ

അഡ്വ. ഒ.ജെ.ജനീഷ് (ഐ.എൻ.സി)
ഡോ. കെ.എം.ഫ്രാൻസിസ് (എ.എ.പി)
രവി എ.കെ (ബി.എസ്.പി)
അഡ്വ. വി.ആർ.സുനിൽകുമാർ (സി.പി.ഐ)
ഡോ. വർഗീസ് ജോർജ് (ട്വന്റി ട്വന്റി)
നന്ദഗോപൻ വെള്ളത്താടി (സ്വതന്ത്രൻ)

മണലൂർ

അഡ്വ. കെ.കെ.അനീഷ്കുമാർ (ബി.ജെ.പി)
ഡോ. ഉണ്ണിക്കൃഷ്ണൻ ചിറയത്ത് (എ.എ.പി)
ടി.എൻ.പ്രതാപൻ (ഐ.എൻ.സി)
പ്രൊഫ. സി.രവീന്ദ്രനാഥ് (സി.പി.എം)
ജിലീഫ് (ദിലീഫ് അബ്ദുൽ ഖാദർ) (എസ്.ഡി.പി.ഐ)
ശിവപ്രസാദ് ഗാന്ധി കെ.എം (ഇന്ത്യൻ ഗാന്ധിയൻ പാർട്ടി)
പി.വി.ചന്ദ്രൻ (സ്വതന്ത്രൻ)
പ്രതാപൻ (സ്വതന്ത്രൻ)
കെ.രവീന്ദ്രനാഥ് (സ്വതന്ത്രൻ)
സുജിത്ത് (സ്വതന്ത്രൻ)

ഒല്ലൂർ

പ്രിൻസൺ ആവണിശ്ശേരി (എ.എ.പി)
ബിജോയ് തോമസ് (ബി.ജെ.പി)
കെ.രാജൻ (സി.പി.ഐ)
അഡ്വ. ഷാജി ജെ.കോടങ്കണ്ടത്ത് (ഐ.എൻ.സി)
എഡ്വിൻ ബാബു ആലപ്പാട്ട് (സ്വതന്ത്രൻ)

ചേലക്കര

യു.ആർ.പ്രദീപ് (സി.പി.എം)
കെ.ബാലകൃഷ്ണൻ (ബി.ജെ.പി)
സുബ്രഹ്മണ്യൻ കെ.വി (എ.എ.പി)
വിനോദ്കുമാർ (എസ്.ഡി.പി.ഐ)
ശിവദാസൻ (ശിവൻ വീട്ടിക്കുന്ന്) (സ്വതന്ത്രൻ)

തിരഞ്ഞെടുപ്പ് ഫലം കഴിഞ്ഞേ സ്വർണക്കൊള്ള കുറ്റപത്രമുള്ളൂ

സ്വർണപ്പാളി പരിശോധനാ ഫലം ഏപ്രിൽ അവസാനം

കൊച്ചി: ശബരിമല സ്വർണക്കൊള്ള കേസിലെ കുറ്റപത്രം തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിന ശേഷമേ ഉണ്ടാകൂ എന്ന് ഉറപ്പായി. സന്നിധാനത്തെ ലോഹപ്പാളികളുടെ വിശദമായ സാമ്പിൾ പരിശോധനാ ഫലം ലഭ്യമാക്കാൻ ഏപ്രിൽ അവസാനമാകുമെന്ന് ജംഷഡ്പൂരിലെ നാഷണൽ മെറ്റലർജിക്കൽ ലബോറട്ടറി അറിയിച്ചതായി എസ്.ഐ.ടി അന്വേഷണ ഉദ്യോഗസ്ഥനായ എസ്.പി എസ്. ശശിധരൻ ഹൈക്കോടതിക്ക് റിപ്പോർട്ട് നൽകി.

ഇതോടെ, അന്വേഷണം പൂർത്തിയാക്കാൻ ഹൈക്കോടതി മേയ് 18വരെ സമയം അനുവദിച്ചു. എസ്.ഐ.ടി അന്വേഷണം ശരിയായ ദിശയിൽ ചിട്ടയോടെയാണ് പുരോഗമിക്കുന്നതെന്ന് ജസ്റ്റിസ് വി. രാജ വിജയരാഘവൻ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരുൾപ്പെട്ട ദേവസ്വം ബെഞ്ച് വ്യക്തമാക്കി. ശാസ്ത്രീയ പരിശോധനാ ഫലം വരാതെ സമഗ്ര റിപ്പോർട്ട് സാദ്ധ്യമാകില്ലെന്നും വിലയിരുത്തി. അന്വേഷണ സംഘത്തിന് ഈ മാസം 31 വരെയാണ് സമയം അനുവദിച്ചിരുന്നത്.

നിലവിൽ 358 സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ട്. കർണാടകയിലെ മഹാലക്ഷ്മി ലേഔട്ട് ക്ഷേത്രം, മുണ്ടോട്ടി പാളയം ക്ഷേത്രം, ശ്രീരാമപുരം ക്ഷേത്രം, ഗൗരിബിദന്നൂർ, ബെല്ലാരി, ഹോങ്കസാന്ദ്ര, വ്യാലിക്കാവൽ എന്നിവിടങ്ങളിലും ആന്ധ്രാപ്രദേശിലെ മദനപ്പള്ളി, അനന്തപൂർ എന്നിവിടങ്ങളിലും അന്വേഷണം നടത്തി. 2025ൽ നടന്ന ദ്വാരപാലക വിഗ്രഹങ്ങളുടെ സ്വർണം പൂശലുമായി ബന്ധപ്പെട്ടും അന്വേഷണം പുരോഗമിക്കുകയാണ്. ഇതിൽ 20 സാക്ഷികളെ ചോദ്യം ചെയ്തതായും എസ്.ഐ.ടി കോടതിയെ അറിയിച്ചു.

കൊടിമരക്കേസ് അന്വേഷണം അവസാനിപ്പിക്കാൻ അനുമതി

2017ൽ ശബരിമലയിൽ നടന്ന കൊടിമര പുനഃപ്രതിഷ്ഠയുമായി ബന്ധപ്പെട്ട് ക്രമക്കേട്ടും ദുരുപയോഗവും നടന്നെന്ന കേസിൽ അന്വേഷണം അവസാനിപ്പിക്കാൻ വിജിലൻസിന് ഹൈക്കോടതി അനുമതി നൽകി. കോടതി നിർദ്ദേശപ്രകാരം തിരുവനന്തപുരം വിജിലൻസ് പ്രത്യേക യൂണിറ്റ് പ്രാഥമിക അന്വേഷണം നടത്തിയിരുന്നു. ക്രമക്കേടിന് തെളിവില്ലെന്നായിരുന്ന റിപ്പോർട്ട്. ഇത് ഹൈക്കോടതി അംഗീകരിച്ചത്, അന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡിലുണ്ടായിരുന്ന അജയ് തറയിലടക്കമുള്ള യു.ഡി.എഫ് അംഗങ്ങൾക്ക് ആശ്വാസമായി.

പുതിയ കൊടിമരത്തിനായി ഭക്തർ നൽകിയ സ്വർണത്തിന്റെ അളവിൽ ക്രമക്കേട് നടന്നതായി ആരോപണമുണ്ടായിരുന്നെങ്കിലും ക്രിമിനൽ ദുരുപയോഗമോ വിശ്വാസവഞ്ചനയോ കണ്ടെത്താനായിട്ടില്ലെന്നാണ് വിജിലൻസ് റിപ്പോർട്ടിലുള്ളത്. വിശ്വാസികൾ 412 ഗ്രാം സ്വർണം സംഭാവന നൽകിയെന്നാണ് ദേവസ്വം മഹസറിലുള്ളത്. അന്വേഷണത്തിൽ ആകെ സംഭാവന 300 ഗ്രാം സ്വർണം മാത്രമാണെന്ന് കണ്ടെത്തിയതായി വിജിലൻസ് വ്യക്തമാക്കിയിരുന്നു. ഇത് പരിഗണിച്ചാണ് അന്വേഷണം അവസാനിപ്പിക്കാൻ കോടതി അനുവദിച്ചത്.

പരിശീലനത്തിലൂടെ അഗ്രിബിസിനസ് 3872 സ്ത്രീകളെ സംരംഭകരാക്കി

തൃശ്ശൂർ: കാർഷിക സർവകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യുബേറ്ററിന് പരിശീലന പരിപാടികളിൽ മൂന്നൂറിന്റെ മികവ്. 2017ൽ തുടക്കം കുറിച്ച സംരംഭകത്വ വികസന പരിശീലന പരിപാടിയാണ് ഇന്ന് മൂന്നൂറിൽ എത്തി നിൽക്കുന്നത്. മൂന്നൂറാമത്തെ പരിശീലന പരിപാടി, വിജ്ഞാന വ്യാപന വിഭാഗം അസോസിയേറ്റ് ഡയറക്ടറും കാർഷിക സങ്കേതിക വിജ്ഞാന കേന്ദ്രം മേധാവിയുമായ ഡോ. ശ്രീവത്സൻ ജെ. മേനോൻ ഉദ്ഘാടനം ചെയ്തു. വെള്ളാനിക്കര കാർഷിക കേളേജ് ഡീൻ ഇൻ ചാർജ് ഡോ. എ.പ്രേമ അദ്ധ്യക്ഷത വഹിച്ചു. കർഷകരെയും വളർന്നുവരുന്ന നവ സംരംഭകരെയും ആഗോള വിപണിയിൽ കിടപിടിക്കുന്ന രീതിയിൽ മികച്ച സംരംഭകരാക്കി വളർത്തുന്നതിനായാണ് അഗ്രിബിസിനസ് ഇൻക്യുബേഷൻ സെന്റർ കേരള കാർഷിക സർവകലാശാലയിൽ പ്രവർത്തിച്ചുവരുന്നതെന്ന് അഗ്രിബിസിനസ് ഇൻക്യുബേറ്റർ മേധാവി ഡോ. കെ. പി.സുധീർ പറഞ്ഞു. ഡോ. സുരേഷ് കുമാർ, ഡോ. എസ്. ശരണ്യ എന്നിവർ പ്രസംഗിച്ചു. മൂന്നൂറാമത്തെ പരിശീലന പരിപാടിയിൽ മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നായി അമ്പതോളം പേർ പങ്കെടുത്തു. വിവിധ സംരംഭകത്വ വികസന പരിശീലന പരിപാടികളിലായി ഇൻക്യുബേറ്ററിലൂടെ ഇതിനോടകം 8046 പേർ പരിശീലനം പൂർത്തിയാക്കി. സംരംഭകത്വത്തിലൂടെ സ്ത്രീശാക്തീകരണം കൂടി ലക്ഷ്യം വയ്ക്കുന്ന പരിശീലന പരിപാടികളിലൂടെ 3872 സ്ത്രീകളെയും സംരംഭകരാക്കി വളർത്തി.

എൻ.ജി.ഒ അസോസിയേഷൻ തൃശ്ശൂർ മെഡിക്കൽ കോളേജ് ബ്രാഞ്ച് സമ്മേളനം സംസ്ഥാന ട്രഷറർ പി. ബോബിൻ ഉദ്ഘാടനം ചെയ്യുന്നു.

ഇടതുസർക്കാരിന്റെ നാളുകൾ എണ്ണപ്പെട്ടെന്ന്

തൃശ്ശൂർ: തിരഞ്ഞെടുപ്പിന് ദിവസങ്ങൾ ശേഷിക്കേ അപൂർണ ഉത്തരവുകൾ ഇറക്കി ജീവനക്കാർക്ക് ലഭിക്കേണ്ട ഒരു ലക്ഷം കോടി രൂപ കവർന്നെടുത്ത ഇടതുസർക്കാരിന്റെ നാളുകൾ എണ്ണപ്പെട്ടെന്ന് എൻ.ജി.ഒ അസോ. സംസ്ഥാന ട്രഷറർ പി. ബോബിൻ. എൻ.ജി.ഒ അസോസിയേഷൻ തൃശ്ശൂർ മെഡിക്കൽ കോളേജ് ബ്രാഞ്ച് സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ബ്രാഞ്ച് പ്രസിഡന്റ് രാജു ഫ്രാൻസ് അദ്ധ്യക്ഷനായി. ജില്ലാ ജോയിന്റ് സെക്രട്ടറി മധു സംസാരിച്ചു. കെ.ആർ. ഉണ്ണിക്കൃഷ്ണന് ആദരം നൽകി. വി.എം. ഷാജു, ടി.എ. അൻസാർ, തൃശ്ശൂർ ജില്ലാ വൈസ് പ്രസിഡന്റ് കെ.എൻ. നാരായണൻ സംസാരിച്ചു.

പ്രതിനിധി സമ്മേളനം ജില്ലാ പ്രസിഡന്റ് സന്തോഷ് തോമസ് ഉദ്ഘാടനം ചെയ്തു. യാത്രഅയപ്പ് സമ്മേളനം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ഹനീഷ് കുമാർ ഉദ്ഘാടനം ചെയ്തു. ഐ.എൻ.ടി.യു.സി സംഘടനാ ചർച്ച ജില്ലാ വൈസ് പ്രസിഡന്റ് ഐ.വി. സെബാസ്റ്റ്യൻ നിർവഹിച്ചു. റിമബൈജു, കെ.പി. ഗിരീഷ്, വി. എസ്. സുബിത, ഇ.എസ്. ഗിരിജ, അരുൺ സി. ജയിംസ്, പി.എം. ഷീബു, മുഹമ്മദ് നിസാർ, പി. മീര, സി.ആർ. ബബിത എന്നിവർ സംസാരിച്ചു. ബ്രാഞ്ച് സെക്രട്ടറി വി.എ. ഷാജു റിപ്പോർട്ടും ട്രഷറർ ടി.എ. അൻസാർ വരവുചെലവ് കണക്കുകളും അവതരിപ്പിച്ചു.

വീട്ടിലെ പ്രസവത്തെത്തുടർന്ന് കുഞ്ഞും അമ്മയും മരിച്ച സംഭവം:

വ്യാജ അക്യുപങ്ചർ ചികിത്സ മൂലമുള്ള കൊലപാതകമെന്ന് കുടുംബം

തൃശ്ശൂർ: വീട്ടിലെ പ്രസവത്തെത്തുടർന്ന് കുഞ്ഞും ചികിത്സ നിഷേധിക്കപ്പെട്ട് യുവതിയായ ചാവക്കാട് എടക്കഴിയൂർ സ്വദേശി മുഹ്സിനയും (37) കഴിഞ്ഞവർഷം ഇതേ വീട്ടിൽ ഭക്ഷ്യ വിഷബാധയേറ്റ് മൂന്നവയസുകാരിയും മരിച്ച സംഭവങ്ങൾ വ്യാജ അക്യുപങ്ചർ ചികിത്സയും ഗാർഹികപീഡനവുംമൂലമുള്ള കൊലപാതകങ്ങളാണെന്നും കേസ് ഒന്നായി പൊലീസ് അന്വേഷിക്കണമെന്നും ബന്ധുക്കളുടെ ആവശ്യം. നവജാത ശിശു മരിച്ച കേസിൽ പ്രതികളായ മുഹ്സിനയുടെ ഭർത്താവ് ഇബ്രാഹിം, ഇയാളുടെ മാതാവ്, സഹോദരങ്ങൾ, മൂന്നാം പ്രതിയും ഇബ്രാഹിമിന്റെ സഹായിയുമായ റുവൈദ ഫൈസൽ, നാലാം പ്രതി ജുനൈദ് എന്നിവരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും ഇവർ ആവശ്യപ്പെട്ടു. മുഖ്യമന്ത്രി, ആരോഗ്യമന്ത്രി, സംസ്ഥാന പൊലീസ് മേധാവി, തൃശ്ശൂർ സിറ്റി പൊലീസ് കമ്മിഷണർ, മനുഷ്യാവകാശ കമ്മിഷൻ എന്നിവർക്ക് ഇക്കാര്യങ്ങൾ ആവശ്യപ്പെട്ട് പരാതി നൽകിയിട്ടുണ്ടെന്ന് മുഹ്സിനയുടെ പിതാവ് ഉസ്മാൻ മല്ലക്കര, ബന്ധു അനീസ് ആദം എന്നിവർ പറഞ്ഞു.

പ്രസവം ആശുപത്രിയിൽ നടത്താൻ ഇബ്രാഹിം വിസമ്മതിച്ചതിനെത്തുടർന്ന് ജനുവരിയിൽ ആണ് മുഹ്സിന പൂർണ വളർച്ചയില്ലാത്ത കുഞ്ഞിനെ വീട്ടിൽ പ്രസവിച്ചത്. ഏഴാമത് പ്രസവമായിരുന്നു. ഇബ്രാഹിമും വീട്ടുകാരും സഹായിയും ചേർന്ന് ചികിത്സ തുടങ്ങി ദിവസങ്ങൾക്കകം കുഞ്ഞ് മരിക്കുകയും ചെയ്തു. പ്രസവത്തിനശേഷം പ്ലാസന്റ പൂർണമായും നീക്കാതെ ഉള്ളിലിരുന്ന് അണുബാധ ഉണ്ടാകുകയും മറ്റ് അവയവങ്ങളെ ബാധിക്കുകയും ചെയ്തു. പ്രസവസമയത്തെ പിഴവുകളാണ് മുഹ്സിനയുടെ മരണകാരണമെന്നാണ് മെഡിക്കൽകോളേജിലെ പോസ്റ്റ്മോർട്ടം റിപ്പോർട്ട്.

നവജാത ശിശുവിന്റെ മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്യാൻ പൊലീസിന് ആശുപത്രി ഫൊറൻസിക് വിഭാഗം നിർദേശം നൽകിയിട്ടും ചാവക്കാട് പൊലീസ് ഇതുവരെയും നടപടിയെടുത്തില്ലെന്ന് ബന്ധുക്കൾ ആരോപിച്ചു. മുഹ്സിനയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതു മുതൽ മൃതദേഹം മറവു ചെയ്യുന്നതുവരെയും ഇബ്രാഹിമും കുടുംബവും ഗുണ്ടകളും ചേർന്ന് ഭീഷണിപ്പെടുത്തിയിരുന്നതായി ബന്ധുക്കളായ പി.എച്ച്. റഫീഖ്, കെ.എസ്.ഉമൈറ, മനുഷ്യാവകാശ പ്രവർത്തക ഹൈറുന്നിസ ആരിഫ് എന്നിവർ ആരോപിച്ചു.

നാമനിർദ്ദേശപത്രിക പിൻവലിച്ചു

തൃശ്ശൂർ: രാജൻ പല്ലനെതിരേ വിമതനായി മത്സരിക്കാനൊരുങ്ങിയ കോൺഗ്രസിലെ ജയപ്രകാശ് പൂവത്തിങ്കൽ നാമനിർദ്ദേശ പത്രിക പിൻവലിച്ചു. 15 വർഷം കൗൺസിലറും രണ്ടുതവണ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സണുമായിരുന്ന കോൺഗ്രസ് നേതാവായിരുന്ന ജയപ്രകാശ്. ഒരുവിഭാഗത്തിനു മാത്രം പാർട്ടി പരിഗണന നൽകുന്നുവെന്ന് ആരോപിച്ചാണ് തൃശ്ശൂർ നിയോജക മണ്ഡലത്തിൽ വിമതനായി മത്സരിക്കാൻ നാമനിർദ്ദേശപത്രിക സമർപ്പിച്ചത്. എന്നാൽ, വിഷയത്തിൽ കെ.പി.സി.സി നേതൃത്വം ഇടപെട്ടതോടെയാണ് പത്രിക പിൻവലിച്ചത്.

എൻ.ഡി.എ നിർണായക ശക്തി; സാബു എം. ജേക്കബ്

ചാലക്കുടി: കേരള രാഷ്ട്രീയത്തിൽ എൻ.ഡി.എ നിർണായക ശക്തിയായി മാറിയെന്ന് 20 ട്വന്റി ചെയർമാൻ സാബു എം.ജേക്കബ്. എൻ.ഡി.എ ചാലക്കുടി മണ്ഡലം സ്ഥാനാർത്ഥി അഡ്വ. ചാർളി പോളിന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി നടത്തിയ വാർത്താ സമ്മേളനത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. എൽ.ഡി.എഫ് - യു.ഡി.എഫ് എന്ന രാഷ്ട്രീയ ഘടകങ്ങൾ മാത്രമായിരുന്ന കേരളത്തിൽ ഇതുവരെ ഉണ്ടായിരുന്നത്. പുതുതായി 6 പാർട്ടികൾ കൂടി ചേർന്നപ്പോൾ എൻ.ഡി.എയും വലിയ ശക്തിയായി മാറിക്കഴിഞ്ഞെന്നും പറഞ്ഞു. . ഇന്ത്യയിൽ നരേന്ദ്ര മോദി സർക്കാർ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ കേരളത്തിൽ കൂടി എത്തണമെങ്കിൽ എൻ.ഡി.എ മുന്നണി അധികാരത്തിൽ വരണം. അതിനുള്ള എല്ലാ സാഹചര്യങ്ങളും ഒത്തുവരുന്ന തിരഞ്ഞെടുപ്പാണിതെന്നും സാബു എം.ജേക്കബ് ചൂണ്ടിക്കാട്ടി. സ്ഥാനാർത്ഥി ചാർളി പോൾ, ബി.ഡി.ജെ.എസ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.എ. ഉണ്ണികൃഷ്ണൻ എന്നിവരും വാർത്താസമ്മേളനത്തിൽ സംബന്ധിച്ചു.

അങ്കണവാടി ജീവനക്കാരോട് നിഷേധാത്മക നിലപാട്: വോട്ട് ബഹിഷ്കരിക്കുമെന്ന്

അന്തിക്കാട്: അങ്കണവാടി ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങളോട് മുഖംതിരിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ നിലപാടിൽ പ്രതിഷേധിച്ച് നിയമസഭ തിരഞ്ഞെടുപ്പിൽ വോട്ട് ബഹിഷ്ക്കരിക്കുമെന്ന് അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ഗ്രൂപ്പ് ഇൻ കേരള. പെൻഷൻ കിട്ടാതെ മൂന്ന് മാസമായി ജീവനക്കാർ വലയുകയാണ്. 2022ൽ സുപ്രീംകോടതി ഉത്തരവിറക്കിയ ഗ്രാറ്റുവിറ്റി ലഭിക്കാൻ നിരാഹാരമുൾപ്പെടെ നടത്തിയിട്ടും ആവശ്യങ്ങൾ അനുവദിക്കാൻ അധികൃതർ തയ്യാറാകുന്നില്ലെന്ന് തൃശ്ശൂർ ജില്ലാ പ്രസിഡന്റ് കെ.ആർ. അശോകവല്ലി, സെക്രട്ടറി സി.ഡി. അൽഫോൻസ, ജോ: സെക്രട്ടറി ടി.പി. ഗ്രേസി എന്നിവർ വാർത്താസമ്മേളനത്തിൽ കുറ്റപ്പെടുത്തി. വിരമിച്ച അങ്കണവാടി അദ്ധ്യാപകർക്ക് 2500 രൂപയും ഹെൽപ്പർമാർക്ക് 1500 രൂപയുമാണ് നൽകുന്നത്. ഇത് യഥാക്രമം 10000 രൂപയും 8000 രൂപയുമായി വർദ്ധിപ്പിക്കണം. എല്ലാവർഷവും പെൻഷൻ തുക ബഡ്ജറ്റിൽ വകകൊള്ളിക്കണമെന്നും തടഞ്ഞുവച്ചവർക്ക് മുൻകാല പ്രാബല്യത്തിൽ പെൻഷൻ നൽകണമെന്നും ഭാരവാഹികൾ ആവശ്യപ്പെട്ടു. ആവശ്യം ഉന്നയിച്ച് എം.എൽ.എമാരെ സമീപിച്ചെങ്കിലും അനുകൂല നടപടി ഉണ്ടാകാതെ വന്നതോടെയാണ് സംസ്ഥാന കമ്മിറ്റി ആഹ്വാനപ്രകാരം തൃശ്ശൂർ ജില്ലയിലും വോട്ട്ബഹിഷ്കരണം നടത്തുന്നത്. ജില്ലയിലെ ആയിരത്തിലധികം വിരമിച്ച അങ്കണവാടി ജീവനക്കാരാണ് വോട്ട് ബഹിഷ്കരിക്കുന്നതെന്നും ഭാരവാഹികൾ പറഞ്ഞു.

ആചാരപ്പെരുമയോടെ ഇന്ന് പെരുവനം പൂരം

ചേർപ്പ്: ആചാരപ്പെരുമയോടെ ഇന്ന് പെരുവനം പൂരം ആഘോഷിക്കും. വൈകിട്ട് നാലിന് ക്ഷേത്ര കിഴക്കേനടയിൽ അഞ്ച് ഗജവീരന്മാരുടെ അകമ്പടിയോടെ കടലാശേരി പിഷാരിക്കൽ ഭഗവതിയുടെ എഴുന്നള്ളിപ്പ് നടക്കും. പെരുവനം ശങ്കരനാരായണൻ മാരാരുടെ പഞ്ചാരിമേളം അരങ്ങേറും. 6.30നാണ് ആറാട്ടുപുഴ ശാസ്താവിന്റെ കിഴക്കോട്ടിറക്കം. പാണ്ടിമേളത്തിന് പെരുവനം കുട്ടൻ മാരാർ പ്രമാണിയാകും. ആറിന് ചാത്തക്കുടം ശാസ്താവിന്റെയും തൊട്ടിപ്പാൾ ഭഗവതിയുടെയും പടിഞ്ഞാറോട്ട് കയറ്റത്തോടെയുള്ള എഴുന്നള്ളിപ്പുണ്ടാകും. പെരുവനം പ്രകാശൻ മാരാർ കയറ്റ പഞ്ചാരിക്ക് നേതൃത്വം നൽകും. രാത്രി 10.30ന് ആറാട്ടുപുഴ, കല്ലോലി, മേടംകുളം ശാസ്താക്കൻമാരുടെ പടിഞ്ഞാറോട്ട് കയറ്റം, 11ന് ഏഴ് ഗജവീരന്മാരുടെ അകമ്പടിയോടെ ഊരകത്തമ്മ തിരുവടി, ചാത്തക്കുടം ശാസ്താവിന്റെ പടിഞ്ഞാറോട്ടു കയറ്റം, തുടർന്ന് ചേർപ്പ് ഭഗവതിയുടെ എഴുന്നള്ളിപ്പ് എന്നിവ നടക്കും. 12നാണ് കൂട്ടിയെഴുന്നള്ളിപ്പ്. കിഴക്കൂട്ട് അനിയൻ മാരാർ മേളത്തിന് പ്രമാണിയാകും. നാളെ പുലർച്ചെ നാലിന് ചേർപ്പ്, അയ്കുന്ന് ഭഗവതിമാരുടെ എഴുന്നള്ളിപ്പ് കിഴക്കേ നടവഴിയിൽ നടക്കും. തുടർന്ന് മേളത്തിനും പട്ടിണിശംഖിനും ശേഷം തൊട്ടുകുളത്തിൽ ഇരുഭഗവതിമാരുടെയും ആറാട്ട് നടക്കും.

അന്തരിച്ച ഇ.എ. രാജേന്ദ്രന്റെ മൃതദേഹം തൃശ്ശൂരിലെ സി.പി.ഐ ഓഫീസിൽ പൊതുദർശനത്തിന് വച്ചപ്പോൾ റീത്ത് സമർപ്പിക്കുന്ന പാർട്ടി ജില്ലാ സെക്രട്ടറി കെ.ജി. ശിവാനന്ദൻ. മന്ത്രി കെ.രാജൻ, വി.എസ്. സുനിൽകുമാർ തുടങ്ങിയവർ സമീപം

കോടാലി ശ്രീനാരായണ ഗുരുദേവ ട്രസ്റ്റ് വൈസ് പ്രസിഡന്റ് സി.പി.ഉണ്ണിക്കൃഷ്ണൻ, ജോയിന്റ് സെക്രട്ടറി ഒ.സി.വിജയൻ

മോദി പാലായിലും തിരുവനന്തപുരത്തും

തിരുവനന്തപുരം: പ്രധാനമന്ത്രി നരേന്ദ്രമോദി നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഏപ്രിൽ 4ന് പാലായിലും തിരുവനന്തപുരത്തും എത്തും. പാലാ, പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി, വൈക്കം അടക്കമുള്ള മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുക്കും. തിരുവനന്തപുരം നഗരത്തിൽ റോഡ്ഷോയും ഉണ്ടാകും. മാർച്ച് 29ന് പാലക്കാട്ട് തിരഞ്ഞെടുപ്പ് റാലിയിലും തൃശ്ശൂരിൽ റോഡ്ഷോയിലും പ്രധാനമന്ത്രി പങ്കെടുക്കും.

ഇന്ത്യൻ ഓവർസീസ് ബാങ്ക്

IOB
ശാഖ: എങ്ങാണ്ടിയൂർ 8/24, പരന്തൻ ഷോപ്പിംഗ് കോംപ്ലക്സ്, എത്തായി, ഏങ്ങണ്ടിയൂർ, കുണ്ടലിയൂർ പി.ഒ., തൃശൂർ - 680616,
ഫോൺ : 0487- 2290264, 2294659; 9043950603 & Email id: iob0603@iob.in

കൈവശവകാശ നോട്ടീസ് (അനുബന്ധം IV) റൂൾ 8 (1) അനുസരിച്ച് സ്ഥാവര സ്വത്തുക്കളെ സംബന്ധിച്ച്)

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസൈറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ വകുപ്പ് 13(12) പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസിലെ റൂൾ 3 പ്രകാരം വായ്പക്കാരായ/പണയക്കാരായ/ജാമ്യക്കാരായ **ശ്രീ. ഉണ്ണികൃഷ്ണൻ പി.കെ.** S/o. കനതി & **ശ്രീമതി. മണി ഉണ്ണികൃഷ്ണൻ** W/o. **ഉണ്ണികൃഷ്ണൻ പി.കെ.** (വായ്പക്കാർ/ പണയക്കാർ), ഇരുവരും താമസം : പീടിയേക്കൽ ഹൗസ്, ഏങ്ങണ്ടിയൂർ, ചാവക്കാട്, തൃശ്ശൂർ - 680615 (ഇനി മുതൽ വായ്പക്കാർ എന്നറിയപ്പെടും) എന്നിവർ എടുത്ത വായ്പ പ്രകാരം നൽകാനുള്ള **30.12.2022** ലെ കുടിശ്ശിക തുകയായ **8,66,578.83** (എട്ട് ലക്ഷത്തി അറുപത്തിയാറായിരത്തി അഞ്ഞൂറ്റി എഴുപത്തിയെട്ട് രൂപ എൺപത്തിമൂന്ന് പൈസ മാത്രം) രൂപയും മേൽപലിശയും മറ്റ് ചിലവുകളും ചേർത്ത് നോട്ടീസ് തീയതി മുതൽ 60 ദിവസത്തിനകം ബാങ്കിൽ തിരിച്ച് അടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ബാങ്കിന്റെ അധികാരപ്പെട്ട ഓഫീസർ മുഖേന **11.01.2023** ൽ ഡിമാന്റ് നോട്ടീസ് അയച്ചിട്ടുള്ളതാകുന്നു.

1) ടി വായ്പക്കാർ/ജാമ്യക്കാർ ടി നോട്ടീസിനു ശേഷം തുക തിരിച്ചടയ്ക്കുന്നതിന് വീഴ്ച വരുത്തിയിട്ടുള്ളതിനാൽ താഴെ വിവരിക്കുന്ന വസ്തുവകകൾ ടി ആക്ടിന്റെ വകുപ്പ് 13 (4), ടി റൂൾസിന്റെ റൂൾ 8 പ്രകാരവും **26.03.2026** ന് കൈവശം എടുത്തിരിക്കുന്നതായി ടി വായ്പക്കാരെയും/ജാമ്യക്കാരെയും പൊതുജനത്തെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

2) ടി വസ്തുവിന്മേൽ യാതൊരുവിധ ഇടപാടുകളും നടത്തരുതെന്നും ഏതെങ്കിലും വിധത്തിലുള്ള ഇടപാടുകൾ നടത്തുന്നതായാൽ അത് **ഇന്ത്യൻ ഓവർസീസ് ബാങ്കിന്** ഈടാക്കാനുള്ള **30.12.2022** ലെ കുടിശ്ശിക തുകയായ **8,66,578.83** (എട്ട് ലക്ഷത്തി അറുപത്തിയാറായിരത്തി അഞ്ഞൂറ്റി എഴുപത്തിയെട്ട് രൂപ എൺപത്തിമൂന്ന് പൈസ മാത്രം) രൂപയ്ക്കും മേൽ പലിശയ്ക്കും മറ്റു ചിലവുകൾക്കും വിധേയമായിരിക്കുമെന്നുമുള്ള വിവരം ടി വായ്പക്കാരെയും പൊതുജനത്തെയും പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ടി ഡിമാന്റ് നോട്ടീസിന് ശേഷം തുക അടച്ചിട്ടുണ്ടെങ്കിൽ ആയത് കഴിച്ച്. കൈവശമെടുത്ത തീയതിയിലെ കുടിശ്ശിക തുകയായ **12,53,516.63** (പന്ത്രണ്ട് ലക്ഷത്തി അൻപത്തിമൂന്നായിരത്തി അഞ്ഞൂറ്റി പതിനാറ് രൂപ അറുപത്തിമൂന്ന് പൈസ മാത്രം) രൂപയ്ക്കും മേൽ പലിശയ്ക്കും മറ്റു ചിലവുകൾക്കും വിധേയമായിരിക്കും.

3) ടി ബാദ്ധ്യതയിൽ നിന്നും സെക്യൂർഡ് അസറ്റ്സ് ഒഴിപ്പിച്ചെടുക്കുന്നതിനുള്ള കാലവധിയെ സംബന്ധിച്ച് സർഫെയിസി നിയമത്തിന്റെ വകുപ്പ് 13(8) ൽ നിഷ്കർഷിച്ചിട്ടുള്ള വസ്തുതകളിലേയ്ക്ക് കൂടി കടക്കാരുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

ജാമ്യ വസ്തു വിവരണം: തൃശൂർ ജില്ലയിൽ വാടാനപ്പിള്ളി സബ്ബ് ജില്ലയിൽ ചാവക്കാട് താലൂക്കിൽ ഏങ്ങണ്ടിയൂർ വില്ലേജിൽ ടി ദേശത്ത് റീ സർവ്വെ നം. 401/7 ൽ ഉൾപ്പെട്ട ആകെ **4.21** ആർസ് വസ്തുവിന്റെ മുഴുവൻ ഭാഗവും ഇതിൽ 2.19 ആർസ് വസ്തു വാടാനപ്പിള്ളി എസ് ആർ ഒ യിലെ ജന്മം അസൈൻമെന്റ് ആധാരം 2135/2011 പ്രകാരം ശ്രീ. ഉണ്ണികൃഷ്ണൻ പി.കെ യുടെ പേരിലും **2.02** ആർസ് വസ്തു വാടാനപ്പിള്ളി എസ് ആർ ഒ യുടെ ജന്മം അസൈൻമെന്റ് ആധാരം 2136/2011 പ്രകാരം ശ്രീമതി. മണി ഉണ്ണികൃഷ്ണന്റെ പേരിലും സിദ്ധിച്ച വസ്തുവകകളാകുന്നു. **2.19 ആർ വസ്തുവിന്റെ അതിരുകൾ:** വടക്ക്: ഹരിദാസൻ വക വസ്തു, തെക്ക്: നദി, കിഴക്ക്: ഹരിദാസൻവക വസ്തു & നദി, പടിഞ്ഞാറ്: പീടിയേക്കൽ മണി വക വസ്തു, **2.02 ആർ വസ്തുവിന്റെ അതിരുകൾ:** വടക്ക്: അമ്മിണി വക വസ്തു, തെക്ക്: നദി, കിഴക്ക്: വഴി & ഉണ്ണികൃഷ്ണൻ എന്നിവർ വക വസ്തു, പടിഞ്ഞാറ് : അമ്മിണി & രവി എന്നിവർ വക വസ്തു

തീയതി : 26/03/2026 (അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ)
സ്ഥലം : എങ്ങാണ്ടിയൂർ ഇൻഡ്യൻ ഓവർസീസ് ബാങ്ക് (ഒപ്പ്)

ഗസ്റ്റ് അധ്യാപക ഒഴിവ്

കോട്ടപ്പുറം രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കന്ററി സ്കൂളിൽ മാത്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി ഗസ്റ്റ് അധ്യാപക ഒഴിവുണ്ട്. നിശ്ചിത യോഗ്യതയുള്ളവർ 10.4.2026 ന മുമ്പായി ഓഫീസുമായി ബന്ധപ്പെടുക ബന്ധപ്പെടേണ്ട നമ്പർ. 9539791460, 9142738914

നഷ്ടപ്പെട്ടു

കരുപ്പംവീട്ടിൽ മജീദ് റിസ്വാന, താണിശ്ശേരി എന്നയാൾ തന്റെ 47-G-4540 നമ്പർ വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈമോശം വന്നതായി അറിയിക്കുകയും ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുകയും ചെയ്തിരിക്കുന്നു. ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ആർക്കെങ്കിലും ലഭിച്ചാലോ പരാതി വല്ലതുമുണ്ടെങ്കിലോ ഈ പരസ്യ തീയതി മുതൽ 7 ദിവസത്തിനകം ഇരിങ്ങാലക്കുട സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ നേരിട്ട് അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റിസ്വാന, D/o മജീദ്, കരുപ്പംവീട്ടിൽ (H), താണിശ്ശേരി എന്നയാൾക്ക് നൽകുന്നതാണ് എന്ന് അറിയിച്ചുകൊള്ളുന്നു.

എന്ന്,
അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റി, ഇരിങ്ങാലക്കുട

ക്രയ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു

ചാലക്കുടി താലൂക്ക് പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ അംഗമായ ശ്രീ. യതിൻദാസ് S/o. ദാമോദരൻ, ഇല്ലിക്കത്തറ വീട്, കൊടകര പി.ഒ. എന്നയാളുടെ കല്ലേറ്റുംകര സബ് രജിസ്ട്രി, കൊടകര വില്ലേജിൽ സർവ്വെ നമ്പർ 682/15-2ൽപ്പെട്ട 4.03 ആർസ് വഹകളുടെ കീഴ്ക്കരണമായ കൊടകര ലാന്റ് ട്രൈബ്യൂണലിന്റെ 1976ലെ 4811-ാം നമ്പർ ക്രയ സർട്ടിഫിക്കറ്റ് തിരിച്ച് കിട്ടാനാവാത്ത വിധം നഷ്ടപ്പെട്ടിരിക്കുന്നു. ആയത് ആർക്കെങ്കിലും കണ്ടു കിട്ടുകയോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥാപനത്തിൽ ഈടായി വച്ചിട്ടുള്ളതോ ടി കീഴ്ക്കരണത്തെ സംബന്ധിച്ച് ആർക്കെങ്കിലും അവകാശങ്ങളോ ബാധ്യതകളോ ഉണ്ടെങ്കിലോ ഇന്ന് മുതൽ 15 ദിവസത്തിനകം ബാങ്കിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്ന് ഏവരേയും അറിയിച്ച കൊള്ളുന്നു.

ചാലക്കുടി
26.03.2026
എന്ന്
സെക്രട്ടറി
ചാലക്കുടി താലൂക്ക് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം. ആർ. 1452. ചാലക്കുടി
മൊബൈൽ നമ്പർ - 9745281283
ലാന്റ്ലൈൻ - 0480 2701384

നഷ്ടപ്പെട്ടു

കൊടകര വില്ലേജ് സർവ്വെ 486, 507/1 എന്നീ നമ്പറുകളിൽപ്പെട്ട വഹകളെ സംബന്ധിച്ച് കുണ്ടോളി ചേന്ദൻ മകൻ രാമൻ എന്നവർ കല്ലേറ്റുംകര രജിസ്ട്രർ 3-ാം പുസ്തകത്തിൽ 107/1997ൽ എഴുതിവെച്ച വിൽപത്രം ഒറിജിനൽ നഷ്ടപ്പെട്ടു. ടി വിൽപത്രത്തെ സംബന്ധിച്ച് ആർക്കെങ്കിലും എന്തെങ്കിലും അറിവോ പരാതിയോ ഉണ്ടെങ്കിൽ ഇന്നു മുതൽ 15 ദിവസത്തിനകം താഴെ പറയുന്ന വിലാസത്തിൽ അറിയിക്കാൻ താൽപര്യപ്പെടുന്നു. മേപ്പടി പതിനഞ്ച് ദിവസത്തിന ശേഷം ലഭിക്കുന്ന പരാതികൾ എനിക്ക് ബാധകമല്ല.

എന്ന്
ഷാൻ. കെ.എൻ,
കണ്ടോളി ഹൗസ്
കനകമല പി.ഒ - 680689 9061429898

കനറാ ബാങ്ക് എ.ആർ.എം. ശാഖ

Canara Bank
2-ാം നില, കനറാ ബാങ്ക് ബിൽഡിംഗ്, ചിറ്റൂർ റോഡ്, എറണാകുളം സൗത്ത്, എറണാകുളം - 682 016
Ph: 0484-2353072,2353071 Email: cb2875@canarabank.com

കൈവശനോട്ടീസ് (സെക്ഷൻ 13 (4)) (**സ്ഥാവര വസ്തുക്കൾക്ക്**)

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസൈറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 (Act 54 of 2002) പ്രകാരം അധികാരം കിട്ടിയിട്ടുള്ള കനറാ ബാങ്കിന്റെ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 സെക്ഷൻ 13 (12) റൂൾ 3 പ്രകാരം, കനറാ ബാങ്ക് എറണാകുളം **സ്പെഷ്യലൈസ്ഡ് എസ്എംഇ ശാഖയിൽ** നിന്നും വായ്പ എടുത്ത വായ്പക്കാർ/ജാമ്യക്കാർ/നിയമപരമായ പിന്തുടർച്ച അവകാശികളായ **1. M/s. അഗാപ്പെ പ്രൊഡക്ട്സ്**, നെ പ്രതിനിധീകരിച്ച് പ്രൊപ്രൈറ്റർ പരേതനായ ശ്രീ. പോൾ പി ജെ, S/o ശ്രീ ജോസഫ്, (പരേതനായ പോൾ വി ജെയുടെ നിയമപരമായ പിന്തുടർച്ച അവകാശികളായ ശ്രീമതി. ദീപ പോൾ, മിസ്. സാറാമ്മ വി.ജെ., മിസ്. മറിയം) 2) **ശ്രീമതി. ദീപ പോൾ**, W/o പരേതനായ ശ്രീ. പോൾ വി ജെ എന്നിവരുടെ 31.12.2025ലെ കുടിശ്ശിക തുകയായ **രൂപ 3,21,33,172.52** (മൂന്ന് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി മുപ്പത്തിമൂവായിരത്തി ഒരുന്നൂറ്റി എഴുപത്തിരണ്ട് രൂപ അമ്പത്തിരണ്ട് പൈസ)യും കൂടാതെ പലിശയും 60 ദിവസത്തിനകം തിരിച്ചടക്കുന്നതിന് ഡിമാന്റ് നോട്ടീസ് **14.01.2026**ൽ അയച്ചിരുന്നു.

വായ്പക്കാർ/ജാമ്യക്കാർ/നിയമപരമായ പിന്തുടർച്ച അവകാശികൾ പ്രസ്തുത സമയത്തിനകം തുക അടയ്ക്കാൻ വീഴ്ച വരുത്തിയതിനെ തുടർന്ന് മേൽപ്പറഞ്ഞ ആക്ടിലെ റൂൾ 8 & 9 സെക്ഷൻ 13(4) പ്രകാരമുള്ള അധികാരമുപയോഗിച്ച് താഴെ കൊടുത്തിരിക്കുന്ന സ്ഥാവരവസ്തുക്കൾ ഇന്നേ ദിവസം **24-03-2026**ന് കൈവശമെടുത്തിരിക്കുന്നതായി വായ്പക്കാരെയും പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഈ വസ്തുവിൽ യാതൊരുവിധ ഇടപാടുകളും നടത്തരുതെന്ന് വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ മുന്നറിയിപ്പ് നൽകുന്നു. ഈ വസ്തുവിലുള്ള ഏതൊരു ഇടപാടും കനറാ ബാങ്കിന് 28.02.2026ന് കിട്ടാനുള്ള കുടിശ്ശിക തുകയായ **രൂപ 3,31,15,657.81** (മൂന്ന് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി പതിനയ്യായിരത്തി അറുന്നൂറ്റി അമ്പത്തിയേഴ് രൂപ എൺപത്തിയൊന്ന് പൈസ) യ്ക്കും പലിശയ്ക്കും മറ്റു ചിലവുകൾക്കും വിധേയമായിരിക്കും.

സെക്ഷൻ 13 ലെ സബ് സെക്ഷൻ (8) വകുപ്പ് പ്രകാരം വായ്പക്കാർ/ജാമ്യക്കാർ/നിയമപരമായ പിന്തുടർച്ച അവകാശികൾക്ക് ഈടുവസ്തു തിരിച്ചെടുക്കുന്നതിനുള്ള സമയം ലഭ്യമാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

എറണാകുളം സ്പെഷ്യലൈസ്ഡ് എസ്എംഇ ശാഖയിലെ അംഗീകൃത ഉദ്യോഗസ്ഥൻ 14.12.2017 ന് നൽകിയ മുൻ കൈവശ നോട്ടീസിന് പകരമാണിത്.

സ്ഥാവര വസ്തുവിന്റെ വിശദവിവരങ്ങൾ

ഐറ്റം നമ്പർ 1: (കുട്ടനെല്ലൂർ സബ്‌രജിസ്ട്രാർ ഓഫീസിലെ 4264/2013 - ാം നമ്പർ വിലയാധാര പ്രകാരം ശ്രീ. പോൾ വി.ജെ - യുടെ പേരിലുള്ള വസ്തു) - ശ്രീ. പോൾ വി.ജെ - യുടെ പേരിലുള്ള തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക് പുത്തൂർ വില്ലേജ് സർവ്വേ നമ്പർ 137/1 -ൽപ്പെട്ട 8.05 ആർ സ്ഥലവും മറ്റ് ചമയങ്ങളും കൂടിയാകുന്നു. **4264/2013 - ാം നമ്പർ ആധാര പ്രകാരം അതിരുകളായി**: വടക്ക്: 3.5 മീറ്റർ വീതി വഴി, തെക്ക്: അവനൂർ സുഭദ്രാമ്മ വക വസ്തു, കിഴക്ക്: വള്ളിക്കാട്ടിൽ പോളിന്റെയും സുനിൽ ഫിലിപ്പിന്റെയും വക വസ്തു, പടിഞ്ഞാറ്: അവനൂർ ശങ്കരൻകുട്ടി വക വസ്തു.

CERSAI ID: 400098781643

ഐറ്റം നമ്പർ 2: (കുട്ടനെല്ലൂർ സബ്‌രജിസ്ട്രാർ ഓഫീസിലെ 540/2005 - ാം നമ്പർ വിലയാധാര പ്രകാരം പരേതനായ ശ്രീ. പോൾ വി.ജെ - യുടെ പേരിലുള്ള വസ്തു) - ശ്രീ. പോൾ വി.ജെ - യുടെ പേരിലുള്ള തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക് പുത്തൂർ വില്ലേജ് സർവ്വേ നമ്പർ 186/2-ൽപ്പെട്ട 11.43 ആർ സ്ഥലവും അതിലുള്ള കെട്ടിടവും (ഓഫീസും ഷെഡും) മറ്റ് ചമയങ്ങളും കൂടിയാകുന്നു. **540/2005 - ാം നമ്പർ ആധാര പ്രകാരം അതിരുകളായി**: വടക്ക്: വഴി, തെക്ക്: പോൾ വക വസ്തു, കിഴക്ക്: ഷാജു വക വസ്തു, പടിഞ്ഞാറ്: ആശാരി കേശവൻ വക വസ്തു. **CERSAI ID: 400097934084**

എറണാകുളം, 24.03.2026
(ഒപ്പ്) അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ
കനറാ ബാങ്ക്

punjab national bank

...the name you can BANK upon !
എ.ആർ.എം.ബി., എറണാകുളം.
പി.എൻ.ബി. ഹൗസ്, മാർക്കറ്റ് റോഡ്, എറണാകുളം-682011.
ഫോൺ: 0484-2350477, ഇ-മെയിൽ: CS4459@pnb.bank.in

സ്ഥാവര വസ്തുവിന്റെ ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 8(6) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-വിൽപ്പന നോട്ടീസ്.

താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി/പ്രത്യക്ഷമായി/പ്രതീകാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപ്പന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ലേല തീയതിയും സമയവും: 28-04-2026 ന് രാവിലെ 11.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ

ശാഖയുടെ പേര്/അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	സ്ഥാവര വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി ഡി) കൈവശമെടുത്ത രീതി
പി.എൻ.ബി, എ.ആർ.എം.ബി എറണാകുളം		
M/s. ആരുണി ഇൻഡസ്ട്രിയൽ പ്രിന്റേഴ്സ് **പ്രൊപ്രൈറ്റർ: ശ്രീ. അജിത്കുമാർ. വി.പി** കാവിൽ കടവ്, കൊടുങ്ങല്ലൂർ-680664, **ശ്രീമതി ലിൻസി അജിത്**, W/o (late) ശ്രീ. അജിത്കുമാർ. വി.പി **ശ്രീ. അഖിൽജിത്. വി.പി**, S/o (late) ശ്രീ. അജിത്കുമാർ. വി.പി ഇരുവരും താമസം: വള്ളോംപറമ്പത്ത്, പണിക്കശ്ശേരി, കാവിൽ കടവ്, കൊടുങ്ങല്ലൂർ-680664.	തൃശ്ശൂർ ജില്ല, കൊടുങ്ങല്ലൂർ താലൂക്ക്, ലോകമലേശ്വരം വില്ലേജിൽ, ശ്രീ. അജിത്കുമാർ. വി.പി പേരിലുള്ള സർവ്വേ നം. 299/3 ൽ പ്പെട്ട 4.25 സെന്റ്, സർവ്വേ നം. 346/6 ൽ പ്പെട്ട 16.75 സെന്റ് എന്നീ രണ്ട് ഇനങ്ങളിലായി ആകെ 21 സെന്റ് (8.5 ആർ) സ്ഥലവും അതിലിരിപ്പ് കെട്ടിടവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്**: വേണുഗോപാൽ വക പറമ്പ്; **തെക്ക്**: രാജൻ വക പറമ്പ്; **കിഴക്ക്**: മുനിസിപ്പാലിറ്റി റോഡ്; **പടിഞ്ഞാറ്**: വേണുഗോപാൽ വക പറമ്പ്.	(എ) 13(2)- 15-12-2014 (ബി) 28-02-2026-ലെ തുക രൂപ 75,87,843.91 (എഴുപത്തഞ്ച് ലക്ഷത്തി എൺപത്തേഴായിരത്തി എണ്ണൂറ്റിനാൽപത്തിമൂന്ന് രൂപ തൊണ്ണൂറ്റിഒന്ന് പൈസ) യും പലിശയും മറ്റ് ചെലവുകളും. (സി) കൈവശ നോട്ടീസ്: 10-04-2015 (ഡി) പ്രതീകാത്മക കൈവശം

കരുതൽ വില: രൂപ 89,10,000/- ● നിരതദ്രവ്യം: രൂപ 8,91,000/- ● ലേല വർദ്ധന തുക: രൂപ 1,00,000/-

സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ:	24-03-26 ലെ P37157045 -ാം നമ്പർ ബാദ്ധ്യത സർട്ടിഫിക്കേറ്റ് പ്രകാരം ബാധ്യതകൾ ചുവടെ 1. കൊടുങ്ങല്ലൂർ മുൻസിഫ് കോടതിയിൽ 18-04-2017 -ാം തീയതിൽ രൂപ 9,44,821/- യുടെ ബാധ്യത. 2. ഇരിങ്ങാലക്കുട കുടുംബ കോടതിയിൽ 03-01-2025 -ാം തീയതിൽ രൂപ 53,47,302/- യുടെ ബാധ്യത. 3. കൊടുങ്ങല്ലൂർ മുൻസിഫ് കോടതിയിൽ 27-08-2025 -ാം തീയതിൽ രൂപ 6,85,000/- യുടെ ബാധ്യത.

വ്യവസ്ഥകളും നിബന്ധനകളും: (1). വിൽപ്പന, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (2). വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വിൽപ്പന. (3). അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം പട്ടികയിൽ പറഞ്ഞിട്ടുള്ള ഈട് വസ്തുക്കളുടെ പൂർണ്ണവിവരം നൽകിയിട്ടുള്ളതാണ്. എന്നാൽ വസ്തുവിലുള്ള പിശക്, തെറ്റായ പ്രസ്താവന അല്ലെങ്കിൽ ഒഴിവാക്കൽ വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല. (4). അധികാരപ്പെട്ട ഉദ്യോഗസ്ഥന് സ്വീകരിക്കാൻ പറ്റാത്ത ബിഡ്ഡുകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം നീട്ടി വെയ്ക്കുന്നതിനോ /റദ്ദു ചെയ്യുന്നതിനോ /മാറ്റി വെയ്ക്കുന്നതിനോ വിൽപ്പനയുടെ വ്യവസ്ഥകളിലും നിബന്ധനകളിലും മാറ്റം വരുത്തുന്നതിനോ മുൻകൂട്ടിയുള്ള അറിയിപ്പോ കാരണമോ ഒന്നും കൂടാതെ തന്നെ എപ്പോൾ വേണമെങ്കിലും അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ട്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും. (5). കരുതൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വസ്തു വിൽക്കുന്നതല്ല. (6) ലേല വിൽപ്പന https://Baanknet.com എന്ന ഇ-ലേല പ്ലാറ്റ്ഫോം മുഖാന്തിരം 28-04-2026 ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 05.00 മണി വരെയായിരിക്കും. (7) ലേല വിൽപ്പനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി https://Baanknet.com & www.Pnb.bank.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 24-03-2026, സ്ഥലം: എറണാകുളം.
(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, എ.ആർ.എം.ബി., എറണാകുളം